**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4965** **14-03-2023 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന തീരദേശ ഹൈവേയുടെ 63.44 കി.മീ. ദൂരം കണ്ണൂർ ജില്ലയിലൂടെയാണ് കടന്നുപോകുന്നത്. ഇതിൽ 44.54 കി.മീ. ഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി IDECK എന്ന ഏജൻസിയെ ചുമതല പ്പെടുത്തിയിട്ടുണ്ട്. അവർ തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരമുള്ള ലാൻഡ് അക്വിസിഷൻ പ്ലാൻ അനുസരിച്ച് തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ വകുപ്പിന്റെ ഉത്തരവും അതിർത്തികല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 6(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചു വരുന്നു. നിലവിൽ 17.33 കിമീ ദൂരം അതിർത്തി കല്ലുകൾ പൂർണ്ണമായും സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്ന 18.90 കിമീ. ഭാഗം NHAI യുടെ പോർട്ട് കണക്റ്റിവിറ്റി പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതിനാൽ ഈ ഭാഗത്തിന്റെ അലൈൻമെന്റും ഡി.പി.ആറും തയ്യാറാക്കുന്നതിനായി NATPAC നെ ചുമതലപ്പെടുത്തിയിട്ടുണ്ട് |
| (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര കിലോമീറ്റർ ദൂരത്തിലാണ് തീരദേശ ഹൈവേ കടന്നുപോകുന്നത്; കടന്നുപോകുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ്; തീരേദേശ ഹൈവേയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ? | (ബി) | തീരദേശ ഹൈവേയുടെ മാട്ടൂൽ മുതൽ പുതിയങ്ങാടി വഴി പാലക്കോട് വരെയുള്ള 10.60 കിലോമീറ്റർ ദൂരമാണ് കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ വരുന്നത്. ഈ ഭാഗം മുമ്പ് NHAI യുടെ പോർട്ട് കണക്റ്റിവിറ്റിയുടെ ഭാഗമായതിനാൽ നിലവിൽ കണ്ണൂർ ജില്ലയിലെ തീരദേശ ഹൈവേയുടെ ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസിയായ IDECK ന് ഈ ഭാഗം നൽകിയിരുന്നില്ല. ഇപ്പോൾ ടി ഭാഗത്തിന്റെ അലൈൻമെന്റും ഡി.പി.ആറും തയ്യാറാക്കുന്നതിനായി 01.03.2023 ന് NATPAC ന് കത്ത് നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം NATPAC സർവ്വേ നടപടികൾ പൂർത്തിയാക്കി അലൈൻമെന്റ് ഡ്രോയിങ് തയ്യാറാക്കുമ്പോൾ മാത്രമേ ഇതിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുന്ന പാലങ്ങളുടെ പൂർണവിവരം ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ